## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5155     05.07.2012 ൽ മറുപടിയ്ക്ക്

### വികലാംഗർ ഉൾപ്പെടുന്ന കുടുംബത്തിന് സൗജന്യ വൈദ്യുതി കണക്ഷൻ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബാബു എം. പാലിശ്ശേരി | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി) |
| (എ) വികലാംഗർ ഉൾപ്പെടുന്ന കുടുംബത്തിന് സൗജന്യ വൈദ്യുതി കണക്ഷൻ നൽകുന്ന മുൻ സർക്കാരിന്റെ കാലത്ത് നിലവിലുണ്ടായിരുന്ന പദ്ധതി ഇപ്പോൾ നിലവിലില്ലെങ്കിൽ അത് നിർത്തലാക്കാനുണ്ടായ കാരണങ്ങൾ വ്യക്തമാക്കാമോ? | (എ) കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ച കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2005, നിലവിൽ വരുന്നതിനു മുൻപ് ബോർഡ്, വികലാംഗർക്ക് പ്രത്യേക മുൻഗണനയിൽ വൈദ്യുതി കണക്ഷനുകൾ നല്കിയിരുന്നു.<br>എന്നാൽ സപ്ലൈകോഡിലെ വ്യവസ്ഥ പ്രകാരം 500 വാട്ട്സ് വരെ കണക്ടഡ് ലോഡുള്ള ബി.പി.എൽ. വിഭാഗത്തിലുള്ള വ്യക്തികളെയും, 1000 വാട്ട്സ് വരെ കണക്ടഡ് ലോഡുള്ള എസ്.സി/എസ്.ടി. വിഭാഗത്തിലുള്ള വ്യക്തികളെയും മാത്രമേ വൈദ്യുതി കണക്ഷനുകൾ നല്കുന്നതിന് ചെലവാകുന്ന തുക അടയ്ക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുള്ളൂ. |

(...2)

കമ്മീഷൻ 10.11.2011-ൽ പുറപ്പെടുവിച്ച ഉത്തരവിലെ സപ്ലൈ കോഡിലെ വ്യവസ്ഥകൾ അനുസരിച്ച് കമ്മീഷൻ നിശ്ചയിച്ചിട്ടുള്ള നിരക്കിലുള്ള തുക ഈടാക്കി മാത്രമേ കണക്ഷനുകൾ നൽകാവൂ എന്ന നിർദ്ദേശപ്രകാരം വികലാംഗർക്ക് സൗജന്യമായി വൈദ്യുതി കണക്ഷനുകൾ നല്കുന്നത് തുടരുവാൻ കഴിഞ്ഞില്ല.

സെക്ഷൻ ഓഫീസർ